# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3111

15.12.2015-ൽ മറുപടിക്ക്

## ഭൂമിയുടെ ന്യായവില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.കെ.ശിവദാസൻ നായർ | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഭൂമിയുടെ ന്യായവില സംബന്ധിച്ച അപാകതകൾ തീർക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ; | എ) കേരള മുദ്രപത്ര നിയമം വകുപ്പ് 28 എ 4-ാം ഉപവകുപ്പിൽ ഭേദഗതി വരുത്തിക്കൊണ്ട് അന്തിമ ന്യായവില സംബന്ധിച്ച അപ്പീലുകൾ സമർപ്പിക്കുന്നതിനുള്ള കാലപരിധി വിജ്ഞാപന തീയതി മുതൽ 30 ദിവസം എന്നത് ഒരു വർഷമായി നീട്ടുകയും മതിയായ കാരണമുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന സംഗതികളിൽ ഒരു വർഷത്തിനുശേഷം സമർപ്പിക്കപ്പെടുന്ന അപ്പീലുകളും പരിഗണിക്കുവാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തു. അപ്പീലിന്മേലുള്ള ജില്ലാ കളക്ടറുടെ ഉത്തരവിൽ അതൃപ്തി ഉള്ളവർക്ക് റിവ്യൂഹർജി സമർപ്പിക്കുന്നതിന് കേരള മുദ്രപത്ര നിയമം 28 എ വകുപ്പിന്റെ (5) ഉപവകുപ്പിൽ പുതുതായി വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. അപ്പീലുകളുടെ ത്വരിതഗതിയിലുള്ള തീർപ്പാക്കലിനായി ഗവ.സെക്രട്ടറി തലത്തിൽ തുടർച്ചയായും കൂടാതെ ചീഫ് സെക്രട്ടറി തലത്തിലും കോൺഫറൻസുകൾ നടത്തി അപാകതകൾ പരിഹരിക്കുന്നതു സംബന്ധിച്ച് അവലോകനങ്ങൾ നടത്തുകയും അപ്പീലുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. അപ്പീലുകൾ ലഭിക്കുന്നത് ഒരു തുടർപ്രക്രിയ ആയതിനാൽ തുടർന്നു ലഭിക്കുന്ന അപ്പീലുകളും പരിഗണിച്ചുവരുന്നുണ്ട്. വിലനിർണ്ണയത്തിലെ അപാകതകൾ സംബന്ധിച്ച അപ്പീലുകൾ |

തീർപ്പാക്കുന്ന പ്രവർത്തനം ജില്ലാ കളക്ടർ തലത്തിലും, വില നിർണ്ണയിക്കാൻ വിട്ടുപോയ ഭൂമിയുടെ വില നിർണ്ണയിക്കുന്ന പ്രവർത്തനം ആർ.ഡി.ഒ. തലത്തിലുമാണ് നടക്കുന്നത്. ഫെയർവാല്യൂ പുതുക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് ഒരു സംസ്ഥാനതല സബ് കമ്മിറ്റി രൂപവത്കരിക്കാൻ തീരുമാനിക്കുകയുണ്ടായി. ഗവ.പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ), ലാന്റ് റവന്യൂ കമ്മീഷണർ, രജിസ്ട്രേഷൻ ഐ.ജി., 4 ജില്ലാ കളക്ടർമാർ, 4 സബ് കളക്ടർമാർ എന്നിവർ ചേർന്നുള്ളതാണ് സബ് കമ്മിറ്റി. റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയാണ് ചെയർമാൻ.

ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) യും (സി) യും

ന്യായവില നിർണ്ണയത്തെക്കുറിച്ച് പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഫെയർ വാല്യൂ നിശ്ചയിച്ചതിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള അപ്പീൽ സംബന്ധിച്ച് ജില്ലാ കളക്ടർ തീരുമാനം എടുക്കുന്നതിനുള്ള സമയപരിധി 90 ദിവസം എന്നത് 60 ആയി കുറച്ചുകൊണ്ട് 1995 ലെ The Kerala Stamp (Fixation of Fair Value of Land) Rules-ൽ ഭേദഗതി വരുത്തി 09.10.2015 ലെ G.O(P) 185/2015/TD നമ്പരായി ഉത്തരവായിട്ടുണ്ട്. റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനായി 1995-ലെ The Kerala Stamp (Fixation of Fair Value of Land) Rules-ൽ 5A എന്ന ഒരു ചട്ടം കൂടി ചേർത്തിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ